# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2246</u> <u>05/12/2018-ൽ മറുപടിക്ക്</u>

## <u>പുതിയ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.നൗഷാദ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) |
| എ) | പുതിയതായി ക്യാൻസർ ചികിത്സ കേന്ദ്രങ്ങൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ) | സംസ്ഥാന സർക്കാരിന്റെ പുതിയ ക്യാൻസർ നയപ്രകാരം സർക്കാർ മേഖലയിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനും മലബാർ ക്യാൻസർ സെന്ററിനും പുറമേ കൊച്ചിൻ ക്യാൻസർ സെന്റർ കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം ജില്ലയിലുള്ള പ്രധാന ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്റർ വഴി പരിശീലനം നൽകിയാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഇരുപത് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. |
| ബി) | നിലവിൽ ക്യാൻസർ ചികിത്സ സൗകര്യം ലഭ്യമായ സർക്കാർ ആശുപത്രികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; അവിടുത്തെ സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; ആണെങ്കിൽ വെളിപ്പെടുത്താമോ; | ബി) | ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ കേന്ദ്രങ്ങളിൽ ഫോളോഅപ്പ് കീമോതെറാപ്പി, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ, അസൈറ്റിക് ഫ്ലൂയിഡ് ടാപ്പിംഗ്, വേദനാചികിത്സ തുടങ്ങിയ ചികിത്സാ വിധികളാണ് നൽകി വരുന്നത്. ഇതിനു പുറമേ ക്യാൻസർ രോഗനിർണ്ണയവും ഈ കേന്ദ്രങ്ങളിലൂടെ നടത്തി വരുന്നു. ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ പ്രവർത്തിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ആശുപത്രിയുടെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി നെടുമങ്ങാട് | 2018 ഡിസംബർ മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| 2 | കൊല്ലം | ജില്ലാ ആശുപത്രി, കൊല്ലം, | |

| | | | |
|---|---|---|---|
| | | താലൂക്ക് ആശുപത്രി പുനലൂർ | |
| 3 | പത്തനംതിട്ട | ജനറൽ ആശുപത്രി പത്തനംതിട്ട | |
| 4 | ആലപ്പുഴ | ജില്ലാ ആശുപത്രി, മാവേലിക്കര, ജനറൽ ആശുപത്രി, ആലപ്പുഴ | |
| 5 | കോട്ടയം | ജനറൽ ആശുപത്രി, കോട്ടയം | |
| 6 | ഇടുക്കി | ജില്ലാ ആശുപത്രി, തൊടുപുഴ | |
| 7 | എറണാകുളം | ജനറൽ ആശുപത്രി എറണാകുളം, താലൂക്ക് ആസ്ഥാന ആശുപത്രി നോർത്ത് പറവൂർ | |
| 8 | തൃശ്ശൂർ | ജനറൽ ആശുപത്രി, തൃശ്ശൂർ ജില്ലാ ആശുപത്രി വടക്കാഞ്ചേരി | |
| 9 | പാലക്കാട് | ജില്ലാ ആശുപത്രി, പാലക്കാട് താലൂക്ക് ആശുപത്രി ഒറ്റപ്പാലം | |
| 10 | മലപ്പുറം | ജില്ലാ ആശുപത്രി, തിരൂർ, ജില്ലാ ആശുപത്രി പെരിന്തൽമണ്ണ | |
| 11 | കോഴിക്കോട് | | |
| 12 | വയനാട് | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, നല്ലൂർനാട് | |
| 13 | കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ, ജില്ലാ ആശുപത്രി, തലശ്ശേരി | |
| 14 | കാസറഗോഡ് | ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് | |

| | | | |
|---|---|---|---|
| സി) | വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിജസ്ഥിതി വെളിപ്പെടുത്തുമോ; വൃക്കരോഗം | സി) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാനത്ത് സംജാതമായ നഗരവത്കരണവും പാശ്ചാത്യവത്കരണവും ജനങ്ങളുടെ ജീവിതശൈലിയിൽ വരുത്തിയ മാറ്റത്തിനനുസൃതമായി ജീവിതശൈലി രോഗങ്ങളായ പ്രമേഹവും രക്താതിമർദ്ദവും വർദ്ധിച്ചതിന്റെ പരിണിതഫലമായിട്ടാണ് വൃക്കരോഗങ്ങൾ പോലെയുള്ള ഗുരുതര രോഗങ്ങൾ വർദ്ധിക്കാൻ ഇടയായത്. ഇത |

| | | | |
|---|---|---|---|
| • | പ്രതിരോധിക്കുന്നതിന് വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ; | | സംബന്ധമായ കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഡയാലിസിസ് കേന്ദ്രങ്ങളുടെ എണ്ണത്തിലും, ഡയാലിസിസ് ചെയ്യുവാനായി എത്തുന്ന രോഗികളുടെ എണ്ണത്തിലുമുള്ള വർദ്ധനവ് ഈ രോഗത്തിന്റെ വ്യാപ്തി തെളിയിക്കുന്നതാണ്. ഈ രോഗത്തെ പ്രതിരോധിക്കുവാൻ ജീവിതശൈലിരോഗങ്ങൾ നിയന്ത്രിക്കുക എന്ന നടപടിയിലൂടെ മാത്രമെ സാധിക്കുകയുള്ളൂ എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ജീവിതശൈലി രോഗങ്ങളുടെ നിർണ്ണയത്തിനും നിയന്ത്രണത്തിനും ബോധവൽക്കരണത്തിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തിയെ കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണവും, രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പരിപാടിയും രോഗം നിർണ്ണയിക്കപ്പെട്ടവർക്ക് ശാസ്ത്രീയമായ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സയും സൗജന്യ മരുന്നുകളും രോഗം മൂർച്ഛിക്കാതെ ഗുരുതര രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി ആശുപത്രികളെ ശാക്തീകരിക്കൽ എന്നിവയാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ. |
| ഡി) | പുതിയതായി ഡയാലിസിസ് കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 44 ഡയാലിസിസ് കേന്ദ്രങ്ങളിൽ 20 എണ്ണം ആരംഭിച്ചിട്ടുണ്ട്. 21 എണ്ണം 2019 മാർച്ച് മാസത്തോടെ ആരംഭിക്കുവാൻ കഴിയും. 3 കേന്ദ്രങ്ങളുടെ പണി 2019 ഡിസംബർ മാസത്തിനു മുമ്പ് പൂർത്തിയാകും. കൂടാതെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രി, വർക്കല, താലൂക്ക് ആശുപത്രി ആറ്റിങ്ങൽ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി അടിമാലി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി കട്ടപ്പന എന്നീ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ധനസഹായത്തോടെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കൂടുതൽ ഡയാലിസിസ് ചികിത്സാ സൗകര്യം ആരംഭിക്കുന്നുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപന സഹായത്തോടെ വീരണകാവ് പി.എച്ച്.സിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ